**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2196**
**05.02.2018 ലെ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

| ചോദ്യം :<br>പ്രൊ. ആബിദ് ഹുസൈൻ തങ്ങൾ<br>എം.എൽ.എ | ഉത്തരം :<br>ഡോ.തോമസ് ഐസക്ക്<br>(ബഹു.ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പുതുതായി ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കാമോ | പി.എഫ്.ആർ.ഡി.എ ആക്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും നടപ്പാക്കുന്നതിന്റെ ഭാഗമായാണ് കേരളത്തിലും സർക്കാരിന്റെ നയപരമായ തീരുമാന പ്രകാരം 07.01.2013-ലെ സ.ഉ(പി) നം. 20/2013/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.04.2013 മുതൽ സംസ്ഥാനത്തെ സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. |
| (ബി) നാളിതുവരെയായി എത്ര ജീവനക്കാർ ഈ സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ട്; ഇവർക്ക് സർക്കാർ വിഹിതമായി എത്ര തുക അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | 2018 ജനുവരി 9-ന് എൻ.എസ്.ഡി.എല്ലിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ഡിസംബർ 2017 വരെ സംസ്ഥാനത്തെ വിവിധ വകുപ്പുകളിലായി **65692** പേരാണ് ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഇവർക്ക് സർക്കാർ വിഹിതമായി **370.915 കോടി** രൂപയാണ് നാളിതു വരെ അടവാക്കിയിട്ടുള്ളത്. |

| | | |
|---|---|---|
| (സി) | സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഈ ജീവനക്കാരെ തിരികെ ഉൾപ്പെടുത്തുന്ന കാര്യം ധനകാര്യവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതായിരിക്കും. |
| (ഡി) | സർക്കാർ വിഹിതം അടയ്ക്കാത്ത വകുപ്പുകളുടെ വിവരം ലഭ്യമാക്കാമോ; വിഹിതം അടയ്ക്കാത്ത വകുപ്പുകൾക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ | സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളും കൃത്യമായി വിഹിതം അടവാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**